**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1591** **01-02-2024 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിൽ ആകെ എത്ര റവന്യൂ പുറമ്പോക്ക് ഭൂമിയുണ്ടെന്ന് അറിയിക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിൽ മണലൂർ മണ്ഡലത്തിന് കീഴിൽ വരുന്ന തൃശ്ശൂർ താലൂക്കിൽ 0.2469 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമിയുള്ളതും, അതിൽ 0.1357 ഹെക്ടർ ഭൂമിയിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും, ബാക്കി ഭൂമിയിൽ മണലൂർ, എറവ് വില്ലേജ് ആഫീസുകൾ പ്രവർത്തിച്ചു വരുന്നതുമാണ്. കുന്നംകുളം താലൂക്കിൽ 0.7456 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമിയുള്ളതും, ടി ഭൂമിയിൽ വിവിധ സർക്കാർ ആഫീസുകൾ പ്രവർത്തിച്ചു വരുന്നതുമാണ്. |
| (ബി) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി, ഗുരുവായൂർ പോലീസ് സ്റ്റേഷനുകൾ, ഗുരുവായൂർ, കുന്നംകുളം(ചൂണ്ടൽ) ഫയർ റേഞ്ച് സ്റ്റേഷനുകൾ, പാവറട്ടി വില്ലേജ് ഓഫീസ്, വിവിധ പഞ്ചായത്തുകളിലെ ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങി നിരവധി സർക്കാർ ഓഫീസുകൾക്ക് സ്വന്തമായി ഭൂമിയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | മണലൂർ മണ്ഡലത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ ഓഫീസുകൾക്ക് ഭൂമി ലഭ്യമാക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും ഇതുവരെ ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | (സി) | ഗുരുവായൂർ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട അപേക്ഷമാത്രമാണ് ലഭിച്ചിട്ടുള്ളത്. |
| (ഡി) | പ്രസ്തുത അപേക്ഷകളിൽ ഓരോന്നിലും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | ഗുരുവായൂർ പോലീസ് സ്റ്റേഷനുവേണ്ടി ആളൂർ വില്ലേജ് സർവ്വെ 240/1-ൽ ഉൾപ്പെട്ട പുറമ്പോക്ക് ഭൂമിയിൽ നിന്നും 25 സെന്റ് ഭൂമി കൈമാറുന്നതുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | അപേക്ഷ ജില്ലാ കളക്ടറേറ്റിൽ നിലവിലുള്ളതും, എന്നാൽ ടി ഭൂമിയുമായി ബന്ധപ്പെട്ട WP(C) 42459/2018, WP(C) 77/2019 നമ്പറുകളിലായി ബഹു.ഹൈക്കോടതിയിൽ കേസുകൾ നിലവിലുള്ളതിനാൽ ഭൂമി കൈമാറ്റ നടപടികൾ പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ